പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.

**(ഹാജർ-എച്ച്.ദിനേശൻ ഐഎഎസ്)**

വിഷയം:- പഞ്ചായത്ത് വകുപ്പ്:-ഭരണ ജാഗ്രത – എറണാകുളം ജില്ല – ആരക്കുഴ ഗ്രാമപഞ്ചായത്ത് – സീനിയർ ക്ലർക്കായിരുന്ന ശ്രീമതി .വി.കെ.സോഫിയ ബീഗത്തിനെതിരെ – അനധികൃതഹാജരില്ലായ്മ – അച്ചടക്ക നടപടി – സർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിലെ 11.09.2020 തീയതിയിലെ പാൻ /9806/2020-ഇ 4(ഡിപി) നമ്പർ അനൗദ്യോഗിക കുറിപ്പ്.

2 ഈ കാര്യാലയത്തിലെ 29.09.2020 തീയതിയിലെ 1960 ലെ KCS (CC & A) ചട്ടം 15 പ്രകാരമുള്ള ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും ഇതേ നമ്പർ കുറ്റാരോപണ പത്രികയും.

3 എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.11.2020 തീയതിയിലെ ഡിഡിപി-ഇകെഎം/1590/2020-ഡി2 നമ്പർ റിപ്പോർട്ട്.

4. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.01.2021 തീയതിയിലെ ഡിഡിപി-ഇകെഎം/1590/2020-ഡി2 നമ്പർ റിപ്പോർട്ട്.

5. ഈ ഓഫീസിലെ 15.02.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

6. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.05.2021 തീയതിയിലെ ഡിഡിപി-ഇകെഎം/1590/2020-ഡി2 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

7. 27.07.2021 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

8. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 14/09/2021 തീയതിയിലെ ഡിഡിപി-ഇകെഎം/1590/2020-ഡി2 നമ്പർ കത്ത്

9. ഈ ആഫീസിലെ 06/10/2021 തീയതിയിലെ ഇതേ നമ്പർ കത്ത്

10 01/12/2021, 22/12/2021 തീയതികളിലെ യഥാക്രമം അപ്പൻറിക്സ് എച്ച് 5 പത്രപരസ്യവും അപ്പൻറിക്സ് എച്ച്4 നോട്ടീസും.

11 02/01/2022, 03/01/2022 തീയതികളിലെ യഥാക്രമം മാതൃഭൂമി, ദേശാഭിമാനി ദിനപത്രങ്ങളിലെ പ്രസിദ്ധീകരണ വാർത്ത.

**<u>ഉത്തരവ് നമ്പർ: PAN/10943/2020-D2(DP) തീയതി :26/08/2022</u>**

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്കായി സേവന മനുഷ്ഠിച്ചിരുന്ന ശ്രീമതി.വി.കെ.സോഫിയ ബീഗം കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 C യിലെ നിബന്ധനകൾക്ക് വിധേയമായി ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും, അവധി കാലാവധി അവസാനിച്ചതിനുശേഷവും സേവനത്തിൽ പുനഃപ്രവേശിക്കാതെ അനധികൃതഹാജരില്ലായ്മയിൽ തുടരുന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം അറിയിക്കുകയുണ്ടായി. ഇപ്രകാരം കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടർന്നത്, ശ്രീമതി.വി.കെ.സോഫിയ ബീഗത്തിൻറെ ഭാഗത്തു നിന്നുമുള്ള ഗുരുതരമായ വീഴ്ച്ചയാണെന്ന് കണ്ട് **1960-ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15** അനുസരിച്ച് അച്ചടക്ക നടപടി

ആരംഭിക്കുകയും ടിയാൾക്കെതിരെ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പരാമർശം (2) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കുറ്റാരോപണ മെമ്മോയിൽ ശ്രീമതി.വി.കെ.സോഫിയ ബീഗത്തിനെതിരായി താഴെ പറയുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

*"1. താങ്കൾ ആരക്കുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലർക്കായി സേവനം ചെയ്തുവരവെ കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 C പ്രകാരം ശൂന്യവേതന അവധിക്കു അപേക്ഷ നൽകുകയും 01.08.2000 മുതൽ 31.07.2005 തീയതി വരെ 5 വർഷത്തേയ്ക്ക് അവധി അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്നും താങ്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി 01.08.2005, 01.08.2010, 01.08.2015 തീയതികൾ മുതൽ 5 വർഷം വീതം 15 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. അവധി കാലയളവ് അവസാനിക്കുന്ന 31.07.2020 തീയതിയ്ക്ക് 3 മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിച്ച്, അവധി കലയളവ് പൂർത്തീകരിച്ച ഉടൻ ജോലിയിൽ പുന:പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ അപ്രകാരം ചെയ്യാതെ അനധികൃതമായി അവധിയിൽ തുടർന്നത് താങ്കളുടെ ഭാഗത്തുനിന്നുള്ള അതീവ ഗുരുതരമായ വിഴ്ച്ചയാണ്.*

***2.** 20 വർഷം ശൂന്യവേതനാവധിയിൽ തുടർന്ന താങ്കൾ കേരള സർവ്വീസ് ചട്ടങ്ങൾക്കു വിരുദ്ധമായി തുടർന്നും 3 വർഷത്തേക്കു കൂടി അവധി ദീർഘിപ്പിച്ചു നൽകുന്നതിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചത് സർവ്വീസ് ചട്ടങ്ങളോടുള്ള താങ്കളുടെ അനാദരവും അച്ചടക്ക രാഹിത്യവും വ്യക്തമാക്കുന്നു . ആയത് ഗൌരവമായി വീക്ഷിക്കുന്നു.*

***3.** ചട്ടങ്ങൾക്ക് അനുസൃതമായി താങ്കളുടെ അവധി തീർന്ന മുറയ്ക്ക് താങ്കൾക്ക് പുന :നിയമനം നൽകി മലപ്പുറം പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-2 ൽ പുനഃപ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടും താങ്കൾ ജോലിയിൽ പുനഃപ്രവേശിക്കാതിരുന്നത് സർക്കാർ സേവനം എന്നതിനു യാതൊരു വിലയും താങ്കൾ കൽപ്പിക്കുന്നില്ലായെന്നതിന് തെളിവായി വിലയിരുത്തുന്നു.*

*ഇപ്രകാരം 20 വർഷത്തെ അവധി തുടർച്ചയായോ ഇടവിട്ടുള്ള കാലാവധികളിലായോ ഉപയോഗിച്ചതിനു ശേഷം പുന :നിയമനം നൽകിയിട്ടും സേവനത്തിൽ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ ഗുരുതരമായ അച്ചടക്ക ലംഘനത്തിനും , കൃത്യവിലോപത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്നു കണ്ട് ശ്രീമതി.വി.കെ.സോഫിയ ബീഗത്തിനെതിരെ MDP ഖണ്ഡിക 53 ലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത കുറ്റപത്രം നൽകുന്നു."*

പരാമർശം (3) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മേൽ കുറ്റാരോപണ മെമ്മോ ടിയാൾക്ക് രജിസ്റ്റേഡ് തപാലിൽ അയച്ചുനൽകുകയും ആയതിന് കൈപ്പറ്റ് രസീത് (22.10.2020 തീയതിയിൽ കൈപ്പറ്റിയ, അക്ക്നോളജ് മെൻറ് കാർഡ്) തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും അതൊടൊപ്പം ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇമെയിൽ മുഖേനെയും ടി കുറ്റാരോപണ മെമ്മോ ശ്രീമതി.വി.കെ.സോഫിയ ബീഗത്തിന് അയച്ച് നൽകിയിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന് ശ്രീമതി.വി.കെ.സോഫിയ ബീഗം എതിർവാദപത്രിക സമർപ്പിച്ചിട്ടില്ലായെന്നും പരാമർശം (4) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ ടി വിഷയത്തിൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.കെ.വി.മാലതിയെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം ഉത്തരവായി.

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടി ഔപചാരിക അന്വേഷണത്തിൻെറ ഭാഗമായി ശ്രീമതി.വി.കെ.സോഫിയ ബീഗത്തിനെ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ വെച്ച് 30.04.2021 തീയതിയിൽ നേരിൽ കേൾക്കുന്നതിന് ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേനെ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാലിൽ

നോട്ടീസ് അയച്ചുവെങ്കിലും, മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലായെന്നും അതൊടൊപ്പം, ലഭ്യമായ ഇമെയിൽ അഡ്രസ്സിലും നോട്ടീസ് അയച്ചുവെങ്കിലും ടിയാൾ വിദേശത്തായതിനാൽ നോട്ടീസ് മടക്കുകയാണ് ചെയ്തതെന്നും, ടിയാൾ നേർവിചാരണയിൽ പങ്കെടുക്കുകയോ, ടിയാളുടെ വാദഗതികൾ തപാലിലോ, ഇമെയിൽ മുഖേനെയോ, പ്രത്യേക ദൂതൻ മുഖേനെയോ സമർപ്പിക്കുകയോ ചെയ്തിട്ടില്ലായെന്നും നാളിതു വരെ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

അതൊടൊപ്പം ശ്രീമതി.വി.കെ.സോഫിയ ബീഗത്തിന് നൽകിയ കുറ്റാരോപണമെമ്മോക്ക് എതിർവാദപത്രിക സമർപ്പിച്ചില്ലായെന്നതിൽ നിന്നും ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന് അനുമാനിക്കാവുന്നതാണെന്നും, ഔപചാരിക അന്വേഷണത്തിൻറെ ഭാഗമായുള്ള നേർവിചാരണ നോട്ടീസിന് മറുപടിയൊന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നും കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 അനുബന്ധം 12 സി പ്രകാരം, 20 വർഷം വരെ അനുവദിക്കപ്പെട്ട ശൂന്യവേതനാവധിയിൽ കഴിഞ്ഞതിനുശേഷം , ചട്ടപ്രകാരം സേവനത്തിൽ തിരികെ പ്രവേശിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ടിയാൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് ( തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരമുള്ള ശിക്ഷാ നടപടികൾ തുടരാവുന്നതാണെന്ന് അഭിപ്രായം രേഖപ്പെടുത്തി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ വസ്തുതകളും ബന്ധപ്പെട്ട രേഖകളും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടുകളും ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ അഭിപ്രായവും പരിശോധിച്ചതിൽ 01.08.2020 തീയതി മുതൽ സേവനത്തിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിലൂടെ ശ്രീമതി .വി.കെ.സോഫിയ ബീഗം ഗുരുതരമായ അച്ചടക്ക ലംഘനത്തിനും, കൃത്യവിലോപത്തിനും, സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കാണുന്നുവെന്ന് കണ്ട് കേരള സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം XII A ലെ ഖണ്ഡിക 9 പ്രകാരവും 1960 ലെ കേരള സിവിൽ സർവ്വീസ് ( തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡ്യൂർ ഖണ്ഡിക 53 പ്രകാരവും അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിന് ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

ശ്രീമതി.വി.കെ.സോഫിയ ബീഗത്തിനെതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി താൽക്കാലിക ശിക്ഷ നിശ്ചയിച്ച് നൽകിയ മേൽ കാരണം കാണിക്കൽ നോട്ടീസ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ ലഭ്യമായ മേൽവിലാസത്തിൽ രജിസ്റ്റേഡ് തപാലിൽ അയച്ചിരുന്നുവെന്നും എന്നാൽ മേൽവിലാസക്കാരിയെ കണ്ടെത്താനാകാതെ തപാൽ മടക്കി ലഭിച്ചിട്ടുള്ള വിവരം പരാമർശം (8) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഔപചാരിക അന്വേഷണ റിപ്പോർട്ടും കാരണം കാണിക്കൽ നോട്ടീസും ശ്രീമതി.വി.കെ.സോഫിയ ബീഗത്തിന് രജിസ്റ്റേഡ് തപാലിൽ പരാമർശം (9) കത്ത് പ്രകാരം ഈ കാര്യാലയത്തിൽ നിന്നും അയച്ചു നൽകുകയുണ്ടായി. ടി കത്തും ടിയാൾ കൈപ്പറ്റാതെ out of India, Return to sender എന്ന കാരണത്താൽ മടങ്ങി വന്നിട്ടുള്ളതാണ്.

കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ പരാമർശം (10), (11) പ്രകാരം പ്രമുഖ ദിനപത്രങ്ങളിൽ പത്രപരസ്യം നൽകിയിരുന്നുവെങ്കിലും നിശ്ചിത സമയത്തിനകം യാതൊരു മറുപടിയും ടിയാളിൽ നിന്നും ലഭിക്കുകയുണ്ടായില്ല.

മേൽ സാഹര്യത്തിൽ ടിയാൾ അവധി അനുവദിച്ച് ലഭിക്കാതെ അനധികൃതമായി

സർവ്വീസിൽ നിന്നും വിട്ടു നിന്നത് ഗുരുതരമായ അച്ചടക്ക ലംഘനത്തിനും കൃത്യ വിലോപത്തിനും സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കാണുന്നതിനാൽ കെ.എസ്.ആർ ഭാഗം 1 അനുബന്ധം X11 A ലെ ഖണ്ഡിക 9 പ്രകാരവും 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡിംഗ്സ് ഖണ്ഡിക 53 പ്രകാരവും ശ്രീമതി.വി.കെ.സോഫിയ ബീഗത്തിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

H. DINESHAN IAS
DIRECTOR OF PANCHAYATH

**ശ്രീമതി.വി.കെ.സോഫിയ ബീഗം**
**സീനിയർ ക്ലർക്ക്, ആരക്കുഴ ഗ്രാമപഞ്ചായത്ത് (അനധികൃത ഹാജരില്ലായ്മയിൽ)**
**(എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)**

**പകർപ്പ്**

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം
2. സെക്രട്ടറി ,ആരക്കുഴ ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട്, ഇ-സെക്ഷൻ
4. കരുതൽ / അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.08.26 13:16:53 IST
Reason: Approved